LIBRARY ARCHIVES Kerala Legislative Assembly

കാട്ടുമൃഗങ്ങളുടെ ആക്രമണങ്ങൾക്കുള്ള നഷ്ടപരിഹാരം

279 (3791) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുമൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീക്ഷണിയാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യകതമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാട്ടുമൃഗങ്ങൾ ഇറങ്ങി കൃഷി നശിപ്പിച്ചതും മനുഷ്യരെയും മൃഗങ്ങളെയും ആക്രമിച്ചതുമായി ബന്ധപ്പെട്ട എത്ര പരാതികൾ ലഭിച്ചു എന്ന് അറിയിക്കുമോ; പരാതികളുടെ വിവരങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഒരോ ജില്ലയിലും എത്ര രൂപയുടെ നഷ്ടം ഇത്തരത്തിൽ ഉള്ളതായി അറിയിക്കുമോമോ;

(ഡി) കൃഷിയ്ക്കും ജീവനും സ്വത്തിനും വനം വകുപ്പ് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ഇ) നഷ്ടപരിഹാരത്തിന് അപേക്ഷിച്ച ആർക്കെങ്കിലും ഇത് നൽകാനുണ്ടോ; എങ്കിൽ അവരുടെ പേരുകൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ; നഷ്ടപരിഹാരം നൽകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഇവർക്ക് എന്നത്തേയ്ക്ക് നഷ്ടപരിഹാരം നൽകാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി എലിഫന്റ് പ്രൂഫ് ട്രഞ്ച്, സൗരോർജ്ജവേലി, എലിഫന്റ് പ്രൂഫ് വാൾ എന്നിവ നിർമ്മിക്കുകയും, പ്രസ്തുത സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുകയും ചെയ്യുന്നുണ്ട്. കൂടാതെ വന്യമൃഗങ്ങൾ കുടിവെള്ളത്തിനായി ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് വരുന്നത് ഒഴിവാക്കുന്നതിനായി വനത്തിനകത്ത് വിവിധ ഭാഗങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുകയും, കൂടുതൽ കാലത്തേയ്ക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരുകയും ചെയ്യുന്നുണ്ട്. വനജാഗ്രതാ സമിതിയുടെ നേതൃത്വത്തിൽ വനത്തിന് സമീപ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ബോധവൽക്കരണം, ജാഗ്രത നിർദ്ദേശങ്ങൾ മുതലായവ നൽകുന്നതിനായി ക്യാമ്പുകൾ നടത്താറുണ്ട്. നാട്ടിലിറങ്ങുന്ന കാട്ടാനകളേയും, മറ്റ് വന്യമൃഗങ്ങളേയും

വനത്തിലേയ്ക്ക് തന്നെ കയറ്റി വിടുന്നതിനും മറ്റുമായി റാപിഡ് റെസ്പോൺസ് ടീം, ആദിവാസി വാച്ചർമാർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. എലിഫന്റ് പ്രൂഫ് ട്രഞ്ച്, സൗരോർജ്ജ വേലി, എലിഫന്റ് പ്രൂഫ് വാൾ മുതലായവയുടെ കാര്യക്ഷമമായ പ്രവർത്തനം ബന്ധപ്പെട്ട ഫീൽഡ് സ്റ്റാഫുകളും, വനസംരക്ഷണ സമിതി അംഗങ്ങളും, വനജാഗ്രത സമിതി അംഗങ്ങളും പരിശോധന നടത്തി ഉറപ്പുവരുത്തുകയും ഇവയ്ക്ക് വർഷാവർഷങ്ങളിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യാറുണ്ട്.

(ബി)1. തിരുവനന്തപുരം434

2. കൊല്ലം 489

3. പത്തനംതിട്ട 395

4. ആലപ്പുഴ 89

5. കോട്ടയം 1

6. ഇടുക്കി 940

7. എറണാകുളം 355

8. തൃശ്ശൂർ 665

9. പാലക്കാട് 2101

10. മലപ്പുറം 1508

11. കോഴിക്കോ ട് 1058

12. വയനാട് 18567

13. കണ്ണൂർ 3233

14. കാസർഗോഡ് 968

(സി)

1.	തിരുവനന്തപുരം	7400673
2.	കൊല്ലം	922094
3.	പത്തനംതിട്ട	5117370

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

4.	ആലപ്പുഴ	3219365
5.	കോട്ടയം	5000
6.	ഇടുക്കി	5652807
7.	എറണാകുളം	6571735
8.	തൃശ്ശൂർ	9115568
9.	പാലക്കാട്	50618086
10.	മലപ്പുറം	226822
11.	കോഴിക്കോട്	11050000
12.	വയനാട്	149650200
13.	കണ്ണൂർ	35664244
14.	കാസർഗോഡ്	13844465

(ഡി)

1.	തിരുവനന്തപുരം	6464244
2.	കൊല്ലം	1666838
3.	പത്തനംതിട്ട	3974370
4.	ആലപ്പുഴ	3219365
5.	കോട്ടയം	5000
6.	ഇടുക്കി	6085701
7.	എറണാകുളം	6573408
8.	തൃശ്ശൂർ	14848227
9.	പാലക്കാട്	31368986

10.	മലപ്പുറം	15020085
11.	കോഴിക്കോട്	9838340
12.	വയനാട്	111079718
13.	കണ്ണൂർ	33484244
14.	കാസർഗോഡ്	13299790

(ഇ) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

ആനകളുടെ പരിപാലന, സംരക്ഷണ ചെലവും ജീവനക്കാർക്കുള്ള ആനുകൂല്യങ്ങളും

280 (3792) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ വിവിധ ആനപരിശീലന കേന്ദ്രങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷം പരിപാലനത്തിനായി പാസാക്കിയ എസ്റ്റിമേറ്റ് തുകയുടെയും ചെലവഴിച്ച തുകയുടെയും കണക്ക് വിശദമാക്കുമോ; പരിപാലനകേന്ദ്രങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷം ചരിഞ്ഞ ആനകളുടെ എണ്ണം എത്ര; വ്യക്തമാക്കുമോ;

(ബി) അടുത്തകാലത്തായി ആനവേട്ട വ്യാപകമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആനവേട്ടക്കാരെ നേരിടുന്നതിന് ജീവനക്കാർക്ക് നല്കിയിട്ടുള്ള പരിശീലനത്തെകുറിച്ച് വിശദമാക്കുമോ; പട്രോളിംഗ് നടത്തുന്നതിന് വാഹന സൗകര്യമുള്ള എത്ര ഫോറസ്റ്റ് സ്റ്റേഷനുകൾ കേരളത്തിലുണ്ട്; കണക്ക് വ്യക്തമാക്കുമോ;

(സി) ആനവേട്ട വ്യാപകമായ കൊട്ടംകാടുകളിൽ സേവനമനുഷ്ഠിക്കുന്ന വനസംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഇപ്പോഴും റിസ്ക് അലവൻസ്, റേഷനമണി എന്നീ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഡി) വനം വകുപ്പിൽ ഒരേ തസ്തികയിൽ കഴിഞ്ഞ 15 വർഷക്കാലമായി സേവനമനുഷ്ഠിക്കുന്ന ദിവസവേതന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly